# Malayala Manorama
# 30 August 2018
# Chalakka; School, Flood

# ചാലാക്ക സ്കൂളിനോട് അവർ പറഞ്ഞു: 'ഞങ്ങളുണ്ട് കൂടെ'

**പ്രളയം ബാധിച്ച ചാലാക്ക ഗവ. എൽപി സ്കൂളിനെ ദത്തെടുത്ത് കോഴിക്കോട് ഗവ. ടിടിഐ മോഡൽ യുപി സ്കൂൾ**

**വി.മിത്രൻ**

**കോഴിക്കോട്** ● പ്രളയത്തിൽ സർവതും നഷ്ടപ്പെട്ട സർക്കാർ സ്കൂളിനെ ദത്തെടുത്ത് മറ്റൊരു സർക്കാർ സ്കൂൾ. എറണാകുളം ജില്ലയിൽ ഏറ്റവുമധികം ദുരിതം നേരിട്ട എറണാകുളം വടക്കൻ പറവൂർ കുത്തിയതോടിനു സമീപമുള്ള ചാലാക്ക ഗവ. എൽപി സ്കൂളിനെയാണ് കോഴിക്കോട് ഗവ. ടിടിഐ മോഡൽ യുപി സ്കൂൾ ദത്തെടുക്കുന്നത്.

ചാലാക്ക എൽപി സ്കൂളിലെ 105 വിദ്യാർഥികളിൽ 80% പേരും പിന്നാക്ക വിഭാഗത്തിൽ പെട്ടവരാണ്. പെരിയാറും ചാലക്കുടി പുഴയും കരകവിഞ്ഞതോടെ പ്രദേശമാകെ വെള്ളത്തിനടിയിലായി. സ്കൂളിലെ ബെഞ്ചുകളും ഡെസ്കുകളും അലമാരകളും അധ്യാപകരുടെ സർവീസ് ബുക്കുകളും നശിച്ചു. ഇന്നലെ എല്ലാ സ്കൂളുകളും തുറന്നെങ്കിലും ചാലാക്ക സ്കൂളിൽ വിദ്യാർഥികളിൽ പലരും എത്തിയില്ല. വീടുകൾ ചെളിമൂടി കിടക്കുന്നതിനാൽ രക്ഷിതാക്കളോടൊപ്പം ദുരിതാശ്വാസ ക്യാംപിലാണ് അവർ.



വടക്കൻ പറവൂരിലെ ചാലാക്ക ഗവ. എൽപി സ്കൂൾ.

കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ സ്കൂളിൽ ശുചീകരണത്തിനെത്തിയ

സംഘത്തിൽ കോഴിക്കോട് ടിടിഐ യുപി സ്കൂളിലെ അധ്യാപകരും ഉണ്ടായിരുന്നു. ഇവിടത്തെ ദയനീയാവസ്ഥ കണ്ടപ്പോഴാണ് അധ്യാപകർ സ്കൂൾ ദത്തെടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചത്.

തുടർന്ന് കോഴിക്കോട് സ്കൂളിലെ സ്റ്റാഫ് സെക്രട്ടറി ഇ.എം.രാജന്റെ നേതൃത്വത്തിൽ പിടിഎ യോഗം വിളിച്ചു ചേർത്തു. രക്ഷിതാക്കളും അധ്യാപകരും ഈ ആശയത്തെ പിന്തുണച്ചതോടെ അനുമതിക്കായി ഡിഡിഇ ഇ.കെ. സുരേഷ്കുമാറിനെ സമീപിച്ചു.

ടിടിഐ മോഡൽ സ്കൂളിലെ അധ്യാപകരും രക്ഷിതാക്കളും നല്ലൊരു തുക ദത്തെടുക്കൽ പദ്ധതിക്കായി നൽകി. ബാക്കി തുകയ്ക്കുള്ള സാധനങ്ങളുമായി വിവിധ സ്ഥാപനങ്ങളും വ്യക്തികളും ഒപ്പംചേർന്നു.

സ്കൂളിനാവശ്യമായ പഠനോപകരണങ്ങൾ ഉടൻ സജ്ജീകരിക്കും. പ്രദേശത്ത് മെഡിക്കൽ ക്യാംപുകൾ നടത്തും. രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കും പ്രദേശവാസികൾക്കും കൗൺസലിങ് നൽകും. വിദ്യാർഥികൾക്കായി മാസത്തിൽ രണ്ടുതവണ മാജിക് ഷോ, ഗാനമേള പോലുള്ള മാനസികോല്ലാസ പരിപാടികളും നടത്തും.